LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വായ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത്.

(സി) കാർഷികാനുബന്ധാവശ്യങ്ങൾക്കുള്ള വായ്പ, വ്യവസായ വായ്പ, ഭൂസ്വത്ത് വാങ്ങുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ, സ്വർണ്ണ പണയ വായ്പ, വിവാഹ വായ്പ, ഭവന നവീകരണം/ഭവന നിർമ്മാണ വായ്പ (വീടും ഭൂസ്വത്തും വാങ്ങൽ-ഫ്ലാറ്റ് ഉൾപ്പെടെ), വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, ബിസിനസ്സ് വായ്പ, കുടുംബശ്രീ/എസ്.എച്ച്.ജി. വായ്പ, സാധാരണ വായ്പ (മോർട്ട്ഗേജ്), പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ മൂന്ന് സെന്റ് വരെ ഭൂമി ഉള്ളവർക്ക് ഭവനനിർമ്മാണത്തിനുള്ള വായ്പ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ എന്നീ വായ്പകളുടെ പരിധിയാണ് ഉയർത്തിയിട്ടുള്ളത്.

(ഡി) വായ്പാ പരിധി വർദ്ധിപ്പിച്ചതിനാൽ വിവിധ വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് മതിയായ തോതിൽ വായ്പ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതുവഴി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിച്ച് സാധാരണക്കാരെ സഹായിക്കുവാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്.

സഹകരണ വെൽഫെയർ ഫണ്ട് ബോർഡ്

75 (2313) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വെൽഫെയർ ഫണ്ട് ബോർഡ് എന്നു മുതലാണ് ആരംഭിച്ചത് ;

(ബി) അതിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്, തസ്തിക സഹിതം വ്യക്തമാക്കുമോ;

(സി) അതിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ട്, അവർക്ക് എന്നാണ് നിയമനം നൽകിയിട്ടുള്ളത് ;

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു ;

(ഇ) നാളിതുവരെ എത്ര ഇക എത്ര പേർക്ക് നൽകി ;

(എഫ്) ആനുകൂല്യത്തിനായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കല്പിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ വെൽഫെയർ ഫണ്ട് ബോർഡ് 1-4-1986 മുതലാണ് ആരംഭിച്ചത്.

(ബി) 32 സ്ഥിരം ജീവനക്കാരുണ്ട്. തസ്തിക ചുവടെ ചേർക്കുന്നു:

സീനിയർ സൂപ്രണ്ട്	-	5
ജൂനിയർ സൂപ്രണ്ട്	-	3
അപ്പർ ഡിവിഷൻ ക്ലാർക്ക്	-	4
ലോവർ ഡിവിഷൻ ക്ലാർക്ക്	-	9
യു.ഡി. ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ	-	1
എൽ.ഡി. ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ	-	2
അറ്റൻഡർ	-	1
പ്യൂൺ	-	3
ഡ്രൈവർ	-	1
പാർട്ട്-ടൈം-സ്വീപ്പർ	-	3
ആകെ	-	32

(സി) 11 താൽക്കാലിക ജീവനക്കാർ

ക്രമ നമ്പർ	പേര്	തസ്തിക	നിയമനം നൽകിയ തീയതി
1	സുപ്രിയ ആഷാസ്	കമ്പ്യൂട്ടർ ഓപ്പറേറ്റർ	25-5-2012
2	അജിത പി. എ.	പാർട്ട്-ടൈം സ്വീപ്പർ	10-10-2012
3	ശാരിക കെ. വി.	എൽ.ഡി. ക്ലാർക്ക്	16-12-2013
4	രമ്യ റ്റി. വി.	എൽ.ഡി. ക്ലാർക്ക്	16-12-2013
5	ശ്രീകല ജെ.	എൽ.ഡി. ക്ലാർക്ക്	16-12-2013
6	ഷെറിൻ ബെന്നി	കമ്പ്യൂട്ടർ ഓപ്പറേറ്റർ	16-12-2013
7	സുഗന്ധി പതിയാരത്ത്	പ്യൂൺ	16-12-2013
8	ഷാനിൽ വി. കെ.	പാർട്ട്-ടൈം സ്വീപ്പർ	16-12-2013
9	സലിം	എൽ.ഡി. ക്ലാർക്ക്	18-12-2013
10	കെ. മുസ്തഫ	ഡ്രൈവർ	21-6-2014
11	സുഹൈൽ പി.	പ്യൂൺ	1-8-2014

(ഡി) മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, പിരിഞ്ഞു പോയവർക്ക് ഇൻസെന്റീവ് സഹിതം അടച്ച തുക തിരികെ നൽകൽ, അംഗങ്ങളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ഇ) നാളിതുവരെ മരണാനന്തര ധനസഹായം 1626 പേർക്ക് 10,46,26,000 രൂപയും ചികിത്സാ ധനസഹായം 1756 പേർക്ക് 5,40,19,500 രൂപയും പിരിഞ്ഞു പോയ 19482 പേർക്ക് 18,07,86,095 രൂപയും 1009 പേർക്ക് ഇൻസെന്റീവ് ആയി 13,90,061 രൂപയും ക്യാഷ് അവാർഡ് 1893 പേർക്ക് 1,43,08,250 രൂപയും നൽകിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സഹകരണ ബാങ്കുകളിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം

76 (2314) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന നാളിതുവരെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ എത്ര സീനിയർ അക്കൗണ്ടന്റുമാരെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവുവരുത്തി സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) സഹകരണ ബാങ്കുകളിൽ സ്ഥാനക്കയറ്റത്തിനായി ഇളവുകൾ ആവശ്യപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ എത്ര അപേക്ഷകൾ സർക്കാരിന്റെ മുന്നിലുണ്ടെന്ന് വിശദമാക്കാമോ ;

(സി) സഹകരണ ബാങ്കുകളിൽ സ്ഥാനക്കയറ്റത്തിനായി ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരം എന്തെല്ലാം ഇളവുകൾ നൽകുന്നുണ്ടെന്നും ആയതിന്റെ മാനദണ്ഡങ്ങളും വിശദീകരിക്കാമോ ;

ഉത്തരം

(എ) 13 സീനിയർ അക്കൗണ്ടന്റുമാരെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവു വരുത്തി സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ച വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly